# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1035:** **11.7.2011 ന് മറുപടിയ്ക്ക്**

## *ഇൻഡസ്ട്രീസ് ട്രെയിനിംഗ് വകുപ്പിലെ ജനറൽ ട്രാൻസ്ഫർ ചട്ടങ്ങൾ*

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഇൻഡസ്ട്രീസ് ട്രെയിനിംഗ് വകുപ്പിലെ ജനറൽ ട്രാൻസ്ഫറിന് പ്രത്യേക ചട്ടങ്ങൾ ഉണ്ടോ; എങ്കിൽ അതിന്റെ നമ്പറും തീയ്യതിയും ലഭ്യമാക്കുമോ; | (എ) ഇല്ല |
| (ബി) വകുപ്പിൽ ഇതിന് പ്രത്യേക ചട്ടങ്ങൾ ഇല്ലെങ്കിൽ ഏത് ചട്ടങ്ങൾ അനുസരിച്ചാണ് ജനറൽ ട്രാൻസ്ഫറുകൾ/മറ്റ് ട്രാൻസ്ഫറുകൾ നടത്തുന്നത്; | (ബി) സർക്കാർ ഉത്തരവ് (സാധാ)12/04/ഉ ഭ പ വ തീയതി 10.9.2004 പ്രകാരമുള്ള വ്യവസ്ഥകൾക്കനുസരിച്ചാണ്. |
| (സി) 2008 മുതൽ ലോകബാങ്ക് പോലുള്ള ഏജൻസികളുടെ സഹായത്തോടെ പ്രോജക്ടുകൾ നടത്തുന്ന ഐ.ടി.ഐ. കളിലെ വൈസ് പ്രിൻസിപ്പൽ/പ്രിൻസിപ്പാൾ തസ്തികകളിലേയ്ക്കുള്ള ട്രാൻസ്ഫറുകൾ ഈ ചട്ടം അനുസരിച്ചാണോ നടത്തിയിട്ടുള്ളത്; | (സി) പൂർണ്ണമായും പാലിച്ചിട്ടില്ല. ലോകബാങ്ക് ധനസഹായത്താൽ നവീകരിച്ചുകൊണ്ടിരിക്കുന്ന പ്രോജക്ട് ഐ.ടി.ഐ.കളുണ്ട്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതു സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയാണ്. |
| (ഡി) ഈ ചട്ടങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | (ഡി) 17.9.2009 - ൽ കൂടിയ സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചെയർമാന്റെ നിർദ്ദേശപ്രകാരം പ്രോജക്ട് ഐ.ടി.ഐ. കളിൽ പ്രിൻസിപ്പാൾ/ഇൻസ്ട്രക്ടർ തസ്തികയിലെ ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം നൽകുന്നതിന് പരിധിയുണ്ട്. |

(ഇ) പ്രോജക്ടുകളുടെ സ്റ്റേറ്റ് ഹിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശം എന്ന പേരിൽ ജീവനക്കാരുടെ അർഹതപ്പെട്ട ട്രാൻസ്ഫറുകൾ നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സ്ഥലം മാറ്റം നിഷേധിക്കപ്പെട്ട പ്രിൻസിപ്പാൾ ക്ലാസ്-2 തസ്തികയിലെ ഉദ്യോഗസ്ഥരുടെ വിവരം

1. _ശ്രീ. സി. രവികുമാർ, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ. കട്ടപ്പന:-_

2.6.2009-ലെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയിൽ ഐ.ടി.ഐ. മൂവാറ്റു പുഴ, ഐ.ടി.ഐ. മണീട് എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും പ്രോജക്ട് ഐ.ടി.ഐ. കള്ളാത്തതിനാൽ 30.11.2009 - ലെ എ6/10468/09 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സ്ഥലം മാറ്റം അനുവദിച്ചിരുന്നില്ല.

2. _ശ്രീമതി. സ്റ്റാറി ജോർജ്ജ്, പ്രിൻസിപ്പാൾ, ഐ.ടി.ഐ. (വനിത) കണ്ണൂർ._

ആർ.ഐ.സെന്റർ, തൃശ്ശൂർ, ആർ.ഐ. സെന്റർ, കളമശ്ശേരി, ഐ.ടി.ഐ. മൂവാറ്റുപുഴ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടുവെങ്കിലും 30.11.2009 ലെ എ6/10468/09 നടപടിക്രമം പ്രകാരം, അനുവദിക്കുകയുണ്ടായില്ല.

3. _ശ്രീ. എം.എ. ബാലകൃഷ്ണൻ, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ. കണ്ണൂർ._

ഐ.ടി.ഐ. കുറുമാത്തൂർ, ആർ.ഐ. സെന്റർ കണ്ണൂർ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് 29.4.2010-ൽ സ്ഥലം മാറ്റത്തിനായി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും പ്രോജക്ട് ഐ.ടി.ഐ. അല്ലാത്തതിനാൽ 14.6.2010 - ലെ എ6/6911/10 നമ്പർ നടപടിക്രമം പ്രകാരം സ്ഥലംമാറ്റം അനുവദിച്ചില്ല.

**4. ശ്രീ. സി.പി. വിജയകുമാർ, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ. കയ്യൂർ:- (പ്രോജക്ട് ഐ.ടി.ഐ.)**

ഐ.ടി.ഐ. കായംകുളം, ഐ.ടി.ഐ. പുറക്കാട്. ആർ.ഐ. സെന്റർ ആലപ്പുഴ ആർ.ഐ.സെന്റർ, കോട്ടയം എന്നീ സ്ഥാപനങ്ങളിലേയ്ക്ക് 4.5.2010 - ൽ സ്ഥലം മാറ്റത്തിനായി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 14.6.2010-ൽ നടന്ന സ്ഥലം മാറ്റത്തിൽ പരിഗണിച്ചില്ല.

**5. ശ്രീ. ജി. സുഭാഷ്, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ. ധനുവച്ചപുരം.**

2010 - ൽ ട്രെയിനിംഗ് ഡയറക്ടറേറ്റിലേയ്ക്ക് സ്ഥലം മാറ്റത്തിന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സ്ഥലം മാറ്റം അനുവദിച്ചില്ല. 3 വർഷ സേവനം ധനുവച്ചപുരം ഐ.ടി.ഐ. യിൽ ടിയാൻ പൂർത്തിയാക്കിയിരുന്നില്ല. മാത്രവുമല്ല ഐ.ടി.ഐ. ധനുവച്ചപുരം ഒരു പ്രോജക്ട് ഐ.ടി.ഐ. ആണ്.

**6. ശ്രീമതി. കൊച്ചുറാണി, പ്രിൻസിപ്പാൾ ക്ലാസ്-2, ഐ.ടി.ഐ. കൊയിലാണ്ടി (പ്രോജക്ട് ഐ.ടി.ഐ.)**

ചേലക്കര ഐ.ടി.ഐ. യിലെ ഒഴിവിലേയ്ക്ക് 4.6.2010-ൽ സ്ഥലം മാറ്റത്തിനായി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 14.6.2010 - ലെ നടപടിക്രമത്തിൽ സ്ഥലംമാറ്റം അനുവദിച്ചില്ല.

**7. ശ്രീ. ഗോപാലകൃഷ്ണൻ, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ. അട്ടപ്പാടി:-**

30.8.2010 - ലെ എ6/6911/10 നമ്പർ നടപടിക്രമം പ്രകാരം സ്ഥലംമാറ്റം അനുവദിച്ചില്ല.

ടി ഉദ്യോഗസ്ഥരിൽ ശ്രീ.സി. രവികുമാർ, ശ്രീമതി. സ്റ്റാറി ജോർജ്ജ്, ശ്രീ.സി.പി. വിജയകുമാർ, ശ്രീമതി. കൊച്ചുറാണി, ശ്രീ. ഗോപാലകൃഷ്ണൻ എന്നിവർക്ക് പിന്നീട് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്.

(എഫ്) സർക്കാർ തയ്യാറാക്കിയ ചട്ടങ്ങൾ ഓവർ റൂൾ ചെയ്യാൻ വകുപ്പ് മേധാവിക്ക് എന്ത് അധികാരമാണ് നൽകിയിട്ടുള്ളത്;

(എഫ്) സർക്കാർ, സ്ഥലംമാറ്റത്തിനായി ഒരു ഗൈഡ്ലൈൻ ആണ് നൽകിയിട്ടുള്ളത്. ടി ചട്ടങ്ങളിൽ 3 വർഷം പൂർത്തിയാക്കുന്ന ആൾക്ക് സ്ഥലം മാറ്റം പരിഗണിക്കാൻ വ്യവസ്ഥ ചെയ്യുന്നു. 3 വർഷം സേവനം പൂർത്തിയാക്കിയ ആരും തന്നെ സ്ഥലം മാറ്റം ലഭിക്കാതെ അവശേഷിക്കുന്നില്ല. പ്രോജക്റ്റ് ഐ.ടി.ഐ. യിൽ നിന്നുള്ള സ്ഥലംമാറ്റം സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തിയത്.

(ജി) ജീവനക്കാരുടെ സ്ഥലംമാറ്റം നിയന്ത്രിക്കുന്നതിന് സ്റ്റേറ്റ് ഹിയറിംഗ് കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

(ജി) പ്രോജക്ക്ട് ഐ.ടി.ഐ. കളിലെ പ്രിൻസിപ്പാൾമാരേയും ഇൻസ്ട്രക്ടർമാരേയും അവരുടെ സേവനം തൃപ്തികരമാണെങ്കിൽ കഴിയുന്നതും സ്ഥലംമാറ്റം നടത്തേണ്ടതില്ല എന്ന് 17.9.2009 ലെ സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ